പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 266

# 2020-ലെ സംസ്ഥാന ആരോഗ്യ അതോറിറ്റി ബിൽ

(ശ്രീ. എൽദോ എബ്രഹാം, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 266

# 2020-ലെ സംസ്ഥാന ആരോഗ്യ അതോറിറ്റി ബിൽ

(ശ്രീ. എൽദോ എബ്രഹാം, എം. എൽ. എ. നോട്ടീസ് നൽകിയത്)

527/2020.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 266

# 2020-ലെ സംസ്ഥാന ആരോഗ്യ അതോറിറ്റി ബിൽ

(ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ. നോട്ടീസ് നൽകിയത്)

## കേരള സംസ്ഥാനത്ത് പകർച്ച വ്യാധികൾ, മാരക രോഗങ്ങൾ എന്നിവ പകരുന്നത് തടയുന്നതിനും ആരോഗ്യ പ്രവർത്തകരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് പകർച്ച വ്യാധികൾ മാരക രോഗങ്ങൾ എന്നിവ പകരുന്നത് തടയുന്നതിനും ആരോഗ്യ പ്രവർത്തകരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനായി ഒരു അതോറിറ്റി രൂപീകരിക്കുന്നത് അത്യാവശ്യ മായിരിക്കുന്നതിനാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം ഒരു നിയമം നിർമ്മിക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.—(1) ഈ നിയമം "2020-ലെ കേരള സംസ്ഥാന ആരോഗ്യ അതോറിറ്റി രൂപീകരണ ബിൽ" എന്ന് അറിയപ്പെടുന്നതാണ്.

(2) ഈ നിയമത്തിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) കേരള സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ ഈ നിയമം പ്രബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—ഈ ബില്ലിൽ സന്ദർഭം മറ്റുവിധത്തിൽ നിർവചിക്കപ്പെടാത്ത പക്ഷം,—

(1) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(2) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(3) "വകുപ്പ്" എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;